# 'Vicar's Reflections

Dearly beloved in Christ,

At a pivotal point in our pastoral journey, we write this letter with a heart full of thankfulness and intense passion. In the church ministry, transitions are never simple; they are holy times when hope, thankfulness, and recollection come together. As we get ready to say goodbye, we are not only saying goodbye as a leaving vicar; we are saying goodbye as members of your family in Christ, sharing joy, hardships, life, and faith.

We want to start by sincerely welcoming Rev. Thomas Paikad and his family as they arrive to lead this cherished parish. He is a capable and effective Achen. We are sure that he will lead our church lovingly.

Being with you over the past two years has been such a blessing. It brings us great joy to communicate with you during this departure. We firmly believe that this separation was unanticipated, but we also have strong faith that God's will will guide this path. First and foremost, we give thanks to Almighty God, whose boundless mercy has supported our family and me in our labor in this parish. His faithfulness has been demonstrated in every moment spent here. We also want to express our profound thanks to the church, which welcomed us, helped us, and allowed us to serve with joy and meaning.

Our sincere gratitude is extended to all church officials, including M/s M J Kuruvilla, Korah Abraham (Church Wardens), Soman John (Treasurer), Saji Sam George (Secretary) and all the committee members, whose commitment and collaboration have been pillars of strength in the parish's administration and

spiritual life. A special word of thanks to Mr V.S. Ezekiel, our internal auditor, Aji George Jacob, Joseph Thomas and all secretaries of all auxiliary fellowships. We also want to express our gratitude and love to Justin and Roy, our sextons, for their effectiveness and sincerity in their work, as well as to Gardener Roy and all the security personnel who have put in countless hours-often without being noticed-to maintain the flawless functioning of the church.

Time cannot break the tie that has been created by every song we have sung, every prayer we have said together and every tear we have shared. This connection is firmly anchored in the church's colourful and rich past, which consistently evokes strong feelings in us. Our hearts are not broken when we say goodbye, because they remain forever interwoven with yours in Christ.

However, we speak of the divides that have infiltrated our church body with sorrow. We implore each of you to keep in mind that Christ commands us to think and act as one. A spirit of disagreement diverts us from Christ's goal rather than reflecting His love. If conflict is allowed to continue, peace may gradually deteriorate.

We truly and respectfully beg you to love and respect one another. "A new commandment I give to you, that you love one another; as I have loved you, that you also love one another," says our Lord in John 13:34. Keep this close to your hearts, not just in your words.

Let compassion, love and understanding be the hallmarks of your Church. Allow forgiveness to come more easily than condemnation. According to Ephesians 4:3, "Make every effort to keep the unity of the Spirit through the bond of peace," let this word be imprinted in to your heart. I beg you to keep the body of Christ harmonious and united.

“Make every effort” serves as a reminder that achieving unity requires deliberate effort. The “bond of peace” is what keeps connections in the church of Christ intact. “Where peace is maintained, Christ’s presence is made evident.” We take the treasured memories of this parish and all of you with us when we relocate to St. Thomas CSI Church in Nedumgadappally. We will always keep you in our prayers.

In Acts 8:26-40, we see that God called Philip from his fruitful ministry in Samaria and directed him along the desolate path to Gaza. It was a no-man’s land. Such a voyage may have seemed pointless and unclear to human comprehension, but in God’s knowledge, there was a divine purpose waiting along the way. Philipose followed God’s call with humility and faith rather than defying it. He met the Ethiopian eunuch there, a soul seeking the veracity of God’s Word. What appeared to be a routine trip turned into a holy moment of deliverance. The Scriptures were opened, Christ was proclaimed, and the eunuch joyfully received baptism thanks to Philipose’s faithfulness.

The Spirit of the Lord immediately took Philipose to Ashdod after completing that mission, where he carried on the ministry given to him. God’s servant was relocated in accordance with divine plan rather than human desire. The narrative serves as a reminder that God’s secret providence is present in every missionary travel, encounter, and transfer.We sincerely believe that God never transfers His servants aimlessly, as we prepare to relocate from CSI Christ Church in Trivandrum to St. Thomas CSI Church in Nedumgadappally. Similarly, God’s caring plan for our church includes the arrival of Rev. Thomas Paikadachan at Christ Church. Faith teaches us to trust the one who guides us, even if we may not always understand why God alters our pathways and locations. Sometimes God sends His servant because another field is in

need of care and ministry, and other times He replaces the shepherd to give the flock new vigour and vision.

Therefore, let us view these changes as sacred movements within God's purpose rather than just as separations. May you welcome Paikadachan, your new Vicar, with affection, maintain the oneness of the Spirit in the bond of peace and prayer. The same God who led Philipose through Ashdod and Gaza continues to direct our church and all of our travels in accordance with His perfect will me which He has not committed to another." In that faith, we trust that every calling, every transfer, and every new beginning in ministry unfolds according to the wise and gracious purpose of God. May God bless our church. On behalf of Sweety, Asquith, Amith, Adelyn, and me, we extend our heartfelt prayers and best wishes to all of you. May God's abundant grace, peace, and guidance continue to strengthen and bless you in the days ahead.

**Alexachen**

---

# പ്രതിഫലനങ്ങൾ

ക്രിസ്തുവിൽ പ്രിയരേ,

ദൈവ നാമത്തിൽ സ്നേഹ വന്ദനം

ഞങ്ങളുടെ അജപാലന യാത്രയിലെ ഈ നിർണായക ഘട്ടത്തിൽ, നന്ദിയും തീവ്രമായ ആത്മീയ അഭിനിവേശവും നിറഞ്ഞ ഹൃദയത്തോടെയാണ് ഞങ്ങൾ ഈ കത്ത് എഴുതുന്നത്. സഭാ ശുശ്രൂഷയിൽ, സ്ഥലമാറ്റങ്ങൾ ഒരിക്കലും നിസ്സാരമല്ല ; പ്രത്യാശയും നന്ദിയും നല്ല ഓർമ്മകളും ഒത്തുചേരുന്ന വിശുദ്ധ സമയങ്ങളാണവ . ക്രൈസ്റ്റ് ചർച്ചിനോട് വിട പറയാൻ ഒരുങ്ങുമ്പോൾ, വിടവാങ്ങുന്ന ഇടവക വികാരിയും കുടുംബവും എന്ന നിലയിൽ മാത്രമല്ല ഞങ്ങൾ വിടപറയുന്നത്; നിങ്ങളുടെ കുടുംബത്തിലെ അംഗങ്ങളെന്ന നിലയിൽ, സന്തോഷം, കഷ്ടപ്പാടുകൾ, ജീവിതം, വിശ്വാസം എന്നിവ പങ്കുവച്ചതിന്റെ മധുരിക്കുന്ന ഓർമയിലാണ് ഞങ്ങൾ വിടപറയുന്നത്.

ക്രൈസ്റ്റ് ചർച്ച് ഇടവകയെ നയിക്കാൻ റവ. തോമസ് പായിക്കാടും കുടുംബവും എത്തുന്നതിനെ ആത്മാർത്ഥമായി സ്വാഗതം ചെയ്യട്ടെ. അച്ചൻ ഫലപ്രദമായി ശുശ്രുഷയിൽ വിളങ്ങിയ ഒരു പുരോഹിതനാണ്. അദ്ദേഹം നമ്മുടെ സഭയെ സ്നേഹപൂർവ്വം നയിക്കുമെന്നതിൽ രണ്ടു പക്ഷമില്ല. അച്ചനും ബീന കൊച്ചമ്മക്കും മക്കൾക്കും സ്വാഗതം.

കഴിഞ്ഞ രണ്ട് വർഷമായി നിങ്ങളോടൊപ്പമായിരിക്കുവാൻ കഴിഞ്ഞത് ഒരു വലിയ അനുഗ്രഹമായി കാണുന്നു. ഈ വേർപിരിയൽ അപ്രതീക്ഷിതമായിരുന്നുവെങ്കിലും ദൈവഹിതം ആണെന്ന് ശക്തമായി വിശ്വസിക്കുന്നു. ഈ അവസരത്തിൽ ഈ ഇടവകയിലെ ഞങ്ങളുടെ ശുശ്രുഷയിൽ ഞങ്ങളുടെ കുടുംബത്തെയും എന്നെയും കാരുണ്യത്തോടെ കരുതിയ കാരുണ്യവാനായ ദൈവത്തിന് ഞങ്ങൾ നന്ദി പറയുന്നു. ഇവിടെ ചെലവഴിച്ച ഓരോ നിമിഷത്തിലും ദൈവത്തിന്റെ വിശ്വസ്തത ഞങ്ങൾ അനുഭവിച്ചു. ഞങ്ങളെ സ്വാഗതം ചെയ്യുകയും സഹായിക്കുകയും സന്തോഷത്തോടെയും അർത്ഥപൂർണ്ണമായും സേവിക്കാൻ അനുവദിക്കുകയും ചെയ്ത സഭാംഗങ്ങൾക്കു ഞങ്ങളുടെ അഗാധമായ നന്ദി അറിയിക്കട്ടെ

ഇടവകയുടെ ഭരണത്തിലും ആത്മീയ ജീവിതത്തിലും ഞങ്ങളെ സഹായിക്കുകയും സഭയോടുള്ള പ്രതിബദ്ധതയും സഹകരണവും പ്രകടിപ്പിക്കുകയും ചെയ്ത ഭാരവാഹികളായ സർവ്വശ്രീ. എം.ജെ.കുരുവിള, കോര എബ്രഹാം (കൈക്കാരന്മാർ), സോമൻ ജോൺ (ഖജാൻജി), സജി സാം ജോർജ്ജ് (സെക്രട്ടറി), കമ്മിറ്റി അംഗങ്ങൾ എന്നിവരുൾപ്പെടെ എല്ലാ സഭാ ഭരണസമിതി അംഗങ്ങൾക്കും ഞങ്ങളുടെ ആത്മാർത്ഥമായ നന്ദി അറിയിക്കട്ടെ. ഇന്റേണൽ ഓഡിറ്റർ ശ്രീ വി.എസ്. എസെക്കിയേൽ, ഓഫീസിൽ സഹായിച്ചുകൊണ്ടിരുന്ന അജി ജോർജ്ജ് ജേക്കബ്, ജോസഫ് തോമസ് തുടങ്ങി എല്ലാ പോഷക സംഘടനകളുടെയും സെക്രട്ടറിമാർക്കും പ്രത്യേക നന്ദി അർപ്പിക്കട്ടെ. നമ്മുടെ ശുശ്രൂഷകരായ ജസ്റ്റിനും, റോയിക്കും, പൂന്തോട്ട പരിപാലകൻ റോയിക്കും അവരുടെ പ്രവർത്തനത്തിലെ കാര്യക്ഷമതയ്ക്കും ആത്മാർത്ഥതയ്ക്കും, പലപ്പോഴും ശ്രദ്ധിക്കപ്പെടാതെ, എണ്ണമറ്റ മണിക്കൂറുകൾ സഭയുടെ ഭൗതീക കാര്യങ്ങൾക്കായി ചെലവഴിച്ച, എല്ലാ സുരക്ഷാ ഉദ്യോഗസ്ഥർക്കും ഞങ്ങളുടെ നന്ദിയും സ്നേഹവും അറിയിക്കുന്നു.

നമ്മൾ പാടിയ ഓരോ ഗാനവും, ഒരുമിച്ച് പ്രാർത്ഥിച്ച ഓരോ പ്രാർത്ഥനയും, പൊതു വിഷയങ്ങൾക്കായി പൊഴിച്ച ഓരോ തുള്ളി കണ്ണീരും സൃഷ്ടിച്ച ബന്ധത്തെ കാലത്തിന് തകർക്കാൻ കഴിയില്ല. ഈ ബന്ധം സഭയുടെ വർണ്ണാഭമായതും സമ്പന്നവുമായ ഭൂതകാലത്തിൽ വേരൂന്നിയതും, നമ്മിൽ നിരന്തരം ശക്തമായ ആത്മീയ വികാരങ്ങൾ ഉണർത്തുന്നവയുമാണ്. ഞങ്ങൾ ഇവിടെ നിന്നും വിട പറയുമ്പോൾ നമ്മുടെ ഹൃദയ ബന്ധത്തിനു തകർച്ച ഉണ്ടാകുന്നില്ല കാരണം നമ്മൾ ക്രിസ്തുവിൽ എന്നെന്നേക്കുമായി ഇഴചേർന്നിരിക്കുന്നവരാണ് .

നമ്മുടെ സഭാശരീരത്തിൽ കയറിപ്പറ്റിപ്പോയ ഭിന്നതകളെ ക്കുറിച്ച് എനിക്ക് ദുഃഖം ഉണ്ട്. ഒന്നായി ചിന്തിക്കാനും പ്രവർത്തിക്കാനും ക്രിസ്തു നമ്മോട് കൽപ്പിക്കുന്നു എന്നത് ഓർമ്മിക്കാൻ ഞങ്ങൾ നിങ്ങളോട് അഭ്യർത്ഥിക്കുന്നു. വിയോജിപ്പിന്റെ ആത്മാവ് നമ്മെ ക്രിസ്തുവിന്റെ സ്നേഹത്തെ പ്രതിഫലിപ്പിക്കുന്നതിനുപകരം അവന്റെ ലക്ഷ്യത്തിൽ നിന്ന് നമ്മെ വ്യതിചലിപ്പിക്കുന്നു എന്നോർക്കുക. സഭയിൽ സംഘർഷം തുടരാൻ അനുവദിച്ചാൽ, സമാധാനം ക്രമേണ വഷളായേക്കാം എന്നോർക്കുക.

അതുകൊണ്ടു പരസ്പരം സ്നേഹിക്കാനും ബഹുമാനിക്കാനും ആത്മാർത്ഥമായും ആദരവോടെയും നിങ്ങളോട് അപേക്ഷിക്കുന്നു. 'നിങ്ങൾ തമ്മിൽ തമ്മിൽ സ്നേഹിക്കേണം എന്നു പുതിയോരു കല്പന ഞാൻ നിങ്ങൾക്കു തരുന്നു; ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും തമ്മിൽ തമ്മിൽ സ്നേഹിക്കേണം എന്നു തന്നേ.' എന്ന് യോഹന്നാൻ 13:34ൽ നമ്മുടെ കർത്താവ് പറയുന്നു. ഇത് നിങ്ങളുടെ വാക്കുകളിൽ മാത്രമല്ല, നിങ്ങളുടെ ഹൃദയങ്ങളിൽ അടയാളപ്പെടുത്താൻ അപേക്ഷിക്കുന്നു,.കരുണ, സ്നേഹം, വിവേകം എന്നിവ നമ്മുടെ സഭയുടെ മുഖമുദ്രകളായിരിക്കട്ടെ. എഫെസ്യർ 4:3 പറയുന്നതുപോലെ 'ആത്മാവിന്റെ ഐക്യത സമാധാനബന്ധത്തിൽ കാപ്പാൻ ശ്രമിക്കയും ചെയ്വിൻ', ഈ വാക്ക് നിങ്ങളുടെ ഹൃദയത്തിൽ പതിഞ്ഞിരിക്കട്ടെ. ക്രിസ്തുവിന്റെ ശരീരത്തെ യോജിപ്പോടും ഐക്യത്തോടും നിലനിർ ത്താൻ ഞാൻ നിങ്ങളോട് അപേക്ഷിക്കുന്നു.

'ശ്രമിക്കയും ചെയ്വിൻ' എന്നത് ഐക്യം കൈവരിക്കുന്നതിന് ബോധപൂർവമായ ശ്രമം ആവശ്യമാണെന്ന് നമ്മെ ഓർമ്മപ്പെടുത്തുന്നു. 'സമാധാനബന്ധം' ക്രിസ്തുവിന്റെ സഭയിലെ ബന്ധങ്ങളെ കേടു കൂടാതെ നിലനിർത്തുന്നു. 'സമാധാനം നിലനിർത്തുന്നിടത്ത്, ക്രിസ്തുവിന്റെ സാന്നിധ്യം പ്രകടമാകുന്നു.' നെടുങ്ങാടപ്പള്ളി സെന്റ്

തോമസ് സി.എസ്.ഐ. പള്ളിയിലേക്ക് ഞങ്ങൾ ശുശ്രൂഷക്കായി പോകുമ്പോൾ ക്രൈസ്റ്റ് ചർച്ചിനെയും നിങ്ങളെയും കുറിച്ചുള്ള അമൂല്യമായ ഓർമ്മകൾ ഞങ്ങൾ ഞങ്ങളോടൊപ്പം കൂടെ കൂട്ടുകയാണ്. നിങ്ങൾ ഞങ്ങളുടെ പ്രാർത്ഥനകളിൽ ഉണ്ടാകും

അപ്പോസ്തല പ്രവൃത്തികൾ 8:26-40ൽ, ശമര്യയിലെ അനുഗ്രഹകരമായ ശുശ്രൂഷയുടെ ഇടത്തുനിന്നും ദൈവം ഫിലിപ്പിനെ വിളിച്ച് ഗാസക്കു തെക്കുള്ള വിജനമായ പാതയിലൂടെ നയിച്ചതായി നാം കാണുന്നു. അത് മനുഷ്യവാസമില്ലാത്ത ദേശമായിരുന്നു. അത്തരമൊരു യാത്ര അർത്ഥശൂന്യവും മനുഷ്യർക്ക് അവ്യക്തവുമായി തോന്നിയിരിക്കാം, പക്ഷേ വഴിയിൽ ഒരു ദൈവിക ഉദ്ദേശ്യം ദൈവനിയോഗമായി കാത്തിരിക്കുന്നുണ്ടായിരുന്നു. ഫിലിപ്പോസ് ദൈവത്തിന്റെ വിളിയെ നിരസിക്കുന്നതിനുപകരം താഴ്മയോടെയും വിശ്വാസത്തോടെയും ആ വഴി പിന്തുടർന്നു. ദൈവവചനത്തിന്റെ സത്യത അന്വേഷിക്കുന്ന ഒരു എത്യോപ്യൻ രാജ്ഞിയുടെ ഭണ്ഡാര കാവൽക്കാരനായ ഭിന്നലിംഗത്തിൽപെട്ട മനുഷ്യനെ അദ്ദേഹം അവിടെ കണ്ടുമുട്ടി. ഒരു സാധാരണ യാത്ര വിടുതലിന്റെ ഒരു വിശുദ്ധ നിമിഷമായി മാറി എന്ന് നാം കാണുന്നു. തിരുവെഴുത്തുകൾ അവനായി തുറക്കപ്പെട്ടു, ക്രിസ്തുവിനെ അവന്റെ ഹൃദയത്തിൽ അടയാളപ്പെടുത്തി, ഫിലിപ്പോസിന്റെ വിശ്വസ്തതയ്ക്ക് നന്ദി പറഞ്ഞുകൊണ്ട് ഭിന്നലിംഗത്തിൽപ്പെട്ട മനുഷ്യൻ സന്തോഷത്തോടെ സ്നാനം സ്വീകരിച്ചു.

ആ ദൗത്യം പൂർത്തിയാക്കിയ ശേഷം കർത്താവിന്റെ ആത്മാവ് ഫിലിപ്പോസിനെ ഉടൻ തന്നെ അസ്തോദിലേക്കു കൊണ്ടുപോയി, അവിടെ അദ്ദേഹം തനിക്ക് നൽകിയ ശുശ്രൂഷ തുടർന്നു. മനുഷ്യന്റെ ആഗ്രഹത്തിന് പകരം ദൈവിക പദ്ധതിക്ക് അനുസൃതമായി ദൈവദാസനായ ഫിലിപ്പോസിനെ ദൈവം മാറ്റിപ്പാർപ്പിച്ചു. ദൈവത്തിന്റെ രഹസ്യ കരുതൽ എല്ലാ ദൗത്യ യാത്രകളിലും, കണ്ടുമുട്ടലുകളിലും, കൈമാറ്റങ്ങളിലും ഉണ്ടെന്ന് ഈ വിവരണം ഓർമ്മിപ്പിക്കുന്നു. തിരുവനന്തപുരത്തെ സി.എസ്.ഐ. ക്രൈസ്റ്റ് പള്ളിയിൽ നിന്ന് നെടുങ്ങാടപ്പള്ളിയിലെ സെന്റ് തോമസ് സി.എസ്.ഐ. പള്ളിയിലേക്ക് സ്ഥലം മാറ്റാൻ ഞങ്ങൾ തയ്യാറെടുക്കുമ്പോൾ, ദൈവം ഒരിക്കലും തന്റെ ശുശ്രൂഷകരെ ലക്ഷ്യബോധമില്ലാതെ മാറ്റി നിയോഗിക്കില്ല എന്ന് ഞങ്ങൾ ആത്മാർത്ഥമായി വിശ്വസിക്കുന്നു. അതുപോലെയോ അതിനപ്പുറമോ ആണ് നമ്മുടെ സഭയെക്കുറിച്ചുള്ള ദൈവത്തിന്റെ കരുതലും റവ. തോമസ്

പായിക്കാടച്ചന്റെയും കുടുംബത്തിന്റെയും ക്രൈസ്റ്റ് ചർച്ചിലേക്കുള്ള വരവും എന്ന് ഞാൻ ആത്മാർത്ഥമായി വിശ്വസിക്കുന്നു. ദൈവം നമ്മുടെ പാതകളും സ്ഥലങ്ങളും മാറ്റുന്നത് എന്തുകൊണ്ടാണെന്ന് നമുക്ക് എല്ലായ്പ്പോഴും മനസ്സിലാകുന്നില്ലെങ്കിലും, നമ്മെ നയിക്കുന്നവനെയും നിയോഗിക്കുന്നവനെയും വിശ്വസിക്കാൻ ക്രിസ്തു നമ്മെ പഠിപ്പിക്കുന്നു. ചിലപ്പോൾ നമ്മുടെ സഭക്ക് പരിചരണവും ശുശ്രൂഷയും കൂടുതൽ ആവശ്യമുള്ളതിനാൽ ദൈവം തന്റെ ദാസനെ ഇവിടേയ്ക്ക് അയയ്ക്കുന്നു, ചിലപ്പോൾ ആട്ടിൻകൂട്ടത്തിന് പുതിയ ഊർജ്ജവും ദർശനവും നൽകാൻ ആയിരിക്കാം ഇടയനെ ഇവിടേയ്ക്ക് അയക്കുന്നത് എന്ന് നമുക്ക് പൂർണമായി വിശ്വസിക്കാം

അതിനാൽ, ഈ സ്ഥലം മാറ്റങ്ങളെ വേർപിരിയലുകളായി കാണുന്നതിനുപകരം ദൈവത്തിന്റെ ഉദ്ദേശ്യത്തിനുള്ളിലെ വിശുദ്ധ ചലനങ്ങളായി നമുക്ക് നോക്കിക്കാണാം. നമ്മുടെ പുതിയ വികാരിയായ പായിക്കാട് അച്ചനെയും കുടുംബത്തെയും സ്നേഹത്തോടും ആദരവോടെയും സ്വാഗതം ചെയ്യട്ടെ, സമാധാനത്തിന്റെയും പ്രാർത്ഥനയുടെയും ബന്ധത്തിൽ ആത്മാവിന്റെ ഐക്യം നിലനിർത്തുക. അഷ്ദോദിലൂടെയും ഗസയിലൂടെയും ഫിലിപ്പോസിനെ നയിച്ച അതേ ദൈവം നമ്മുടെ സഭയെയും നമ്മുടെ എല്ലാ യാത്രകളെയും തന്റെ പൂർണതയുള്ള ആഗ്രഹത്തിന് അനുസൃതമായി നയിക്കുന്നു എന്ന് വിശ്വസിക്കാം

ജോൺ ഹെൻറി ന്യൂമാൻ എഴുതിയത് ശ്രദ്ധേയം, ദൈവം എന്നെ സൃഷ്ടിച്ചിരിക്കുന്നത് അവന് ഒരു നിശ്ചിത സേവനം ചെയ്യാനാണ്; അവൻ മറ്റൊരാൾക്ക് നൽകാത്ത ചില പ്രവൃത്തികൾ അവൻ എന്നെ ഏൽപ്പിച്ചിരിക്കുന്നു. ആ വിശ്വാസത്തിൽ, ഓരോ വിളിയും, ഓരോ സ്ഥലമാറ്റവും, ശുശ്രൂഷയിലെ ഓരോ പുതിയ തുടക്കവും ദൈവത്തിന്റെ ജ്ഞാനപൂർവകവും കൃപ നിറഞ്ഞതുമായ ഉദ്ദേശ്യത്തിനനുസൃതമായി നിയുക്തമാണെന്നു നമുക്ക് വിശ്വസിക്കാം. ദൈവം നമ്മുടെ സഭയെ അനുഗ്രഹിക്കട്ടെ. സ്വീറ്റി, അസ്കിത്ത്, അമിത്, അഡെലിൻ, എന്നിവർക്കെല്ലാവർക്കും വേണ്ടി നിങ്ങള്ക്ക് ഹൃദയംഗമമായ പ്രാർത്ഥനകളും ആശംസകളും നേരുന്നു. ദൈവത്തിന്റെ സമൃദ്ധമായ കൃപ, സമാധാനം, മാർഗനിർദേശം എന്നിവ വരും ദിവസങ്ങളിൽ നിങ്ങളെ ശക്തിപ്പെടുത്തുകയും അനുഗ്രഹിക്കുകയും ചെയ്യട്ടെ.

സ്നേഹത്തോടും പ്രാർത്ഥനയോടും,

**അലക്സ് അച്ചൻ**